മരിച്ചവരുടെ വഴി (കഥ)

റോഡിനപ്പുറത്തു നിന്ന് ചടുലതയോടെ പാദങ്ങൾ വച്ച് , ഗ്ലാസ്ഡോർ സൂക്ഷ്മതയോടെ തുറന്ന്, തലയുയർത്തിപ്പിടിച്ച്, ചിതറിക്കിടന്ന കസേരകളുടേയും മേശകളുടേയും ഇടയിൽ ഇടനാഴിയിലൂടെ അപ്രതീക്ഷിതമായി മുന്നിലെത്തി അയാൾ നേരേ കൈനീട്ടിയപ്പോൾ സ്വാഭാവികമായും അമ്പരന്നു.

റസ്റ്റോറന്റിൽ, ഒരു കപ്പ് ചൂടു കാപ്പിയുടെ ആശ്വാസം രുചിച്ച് കുറെ നേരമായി വെറുമൊരു കൗതുകത്തോടെ അയാളെ ഞാൻ ശ്രദ്ധിക്കുകയായിരുന്നു.

അയാൾക്ക് 'ഡ്രാക്കുള' യിലെ ' ക്രിസ്റ്റഫർ ലീ' യുടെ മുഖമായിരുന്നു.

" മിസ് സെയ്ന ക്രെയ്ഗറല്ലേ ? " ആ വാക്കുകൾ എവിടെ നിന്നാണ് വന്നതെന്ന് സംശയിച്ചു. പറയുമ്പോൾ ആ ചുണ്ടുകൾ ചലിച്ചിരുന്നില്ല .

അയാളുടെ നിവർത്തിയ കൈവെള്ളയെ ഞാൻ ഭയന്നു . അവയിൽ മുറിവുണങ്ങിയ കറുത്ത പാടുകളായിരുന്നു.

യാന്ത്രികമായി ഞാൻ നീട്ടിയ കയ്യിൽ ഒന്നു സ്പർശിച്ച് എതിരെ ഇരുന്ന് എന്റെ പരിഭ്രമം മനസ്സിലാക്കിയെന്നവണ്ണം പുഞ്ചിരിച്ചു .

അയാളുടെ കറുത്തിരുണ്ട തുളച്ചു കയറുന്ന കണ്ണുകൾ എന്നെ ചൂഴുന്നത് ഞാനറിഞ്ഞു.

"എനിക്ക് നിങ്ങളെ അറിയാം. നിങ്ങൾക്ക് എന്നെ വേണ്ടവിധം മനസ്സിലായിട്ടില്ലെന്ന് നിങ്ങളുടെ മുഖം വിളിച്ചുപറയുന്നുണ്ട്."

അയാളുടെ ശബ്ദം ഞാൻ എവിടെയോ കേട്ടിട്ടുള്ളതു പോലെ തോന്നി.

അയാളെപ്പോലെ ഉയരമുള്ള ഒരാളെ എവിടെയോ കണ്ടിട്ടുണ്ട്. ടിബറ്റിലോ, കിഴക്കേ ഇന്ത്യയിലോ, ന്യൂയോർക്കിലെ തെരുവീഥിയിലോ, തേംസ് നദീതീരത്തോ, നോർവ്വെയിലെ ഈ ഉൾനാടൻ ഗ്രാമത്തിലെ തണുത്തുറഞ്ഞ് തെറ്റിക്കുന്ന ഊടുവഴികളിലോ മറ്റോ.

ഹാവെലിന്റെ പോലെ തെളിഞ്ഞ സ്വരമല്ല അയാൾക്ക്. വല്ലാതെ തുളച്ചുകയറുന്ന ശബ്ദം.

അയാളുടെ മുഖം ക്രൂരമാക്കുന്നതെന്താണെന്ന് ഞാൻ വെറുതെ ചിന്തിച്ചു. ആ കനത്തിരുണ്ട പുരികങ്ങളാണോ , തിളക്കമുള്ള കണ്ണുകളാണോ , സംസാരിച്ചു കഴിയുമ്പോൾ ഇരുവശവും വക്രിക്കുന്ന ചുണ്ടുകളോ, വിസ്തൃതമായ കഷണ്ടിയോ, നീണ്ട കൃതാവോ?

" മിസ് ക്രെയ്ഗർക്ക് ഇപ്പോളും എന്നെ മനസ്സിലായിട്ടില്ലെന്നു തോന്നുന്നു " അയാൾ കാപ്പി ഒരിറക്കു കുടിച്ചു കൊണ്ടു ചോദിച്ചു.

ഞാനറിയാതെ അയാൾക്കു മുന്നിൽ എപ്പോളാണ് കാപ്പിയെത്തിയത് എന്ന അമ്പരപ്പ് മുഖത്ത് പ്രകടമാക്കാതെ, അയാളുടെ വിരസമായ ചോദ്യം കേട്ടതായി ഭാവിക്കാതെ ഞാൻ ഗ്ലാസ് ഡോറിനപ്പുറത്തേക്ക് ദ്രുഷ്ടികൾ പായിച്ചു.

എന്റെ ചിന്തകൾ മനസ്സിലാക്കിയെന്നവണ്ണം അയാൾ പറഞ്ഞു .

" നിങ്ങൾ മി. ഗ്രിഗർ ഹാവെലിനെ കാത്തിരിക്കുകയാണെന്ന് കരുതുന്നതിൽ തെറ്റില്ലല്ലോ?"

"ഞാൻ അയാളെ പുറത്തുവച്ച് കണ്ടിരുന്നു. അയാളെ കാത്തിരിക്കേണ്ട എന്ന് അറിയിക്കാൻ എന്നോട് പറഞ്ഞു. അയാൾക്ക് അത്യാവശ്യമായി എവിടെയോ പോകണമത്രേ! " അയാളുടെ വാക്കുകൾ അദ്ഭുതത്തെക്കാൾ നീരസമാണ് എന്നിലുണ്ടാക്കിയത്. എനിക്ക് നിരാശ തോന്നി. ഹാവെലിന്റെ തമാശ നിറഞ്ഞ വാക്കുകളും പ്രസാദാത്മകത നിറഞ്ഞ മുഖവും കാണാനാണ് ഇവിടെ ഇത്രയും നേരമിരുന്നത്.

അത് മനസ്സിലാക്കിയെന്നവണ്ണം വാക്കുകൾ അയാൾ ഉരുവിടുമ്പോൾ എന്റെ സ്വകാര്യതയിൽ ബോധപൂർവ്വം തന്നെ കൈകടത്തുകയാണോയെന്ന് ബോധപൂർവ്വം സംശയിച്ചു.

"മിസ് ക്രെയ്ഗർ, ഞാൻ എഡ്മണ്ട് ഹാരിസ്. ഒരു പക്ഷേ, നിങ്ങൾ എന്നെ കണ്ടിട്ടുണ്ടാകാം. കാരണം ഞാനും നിങ്ങളെപ്പോലെ സമാധാനത്തിനു വേണ്ടി അലയാറുണ്ട്. "

മനപൂർവം അമ്പരപ്പ് മുഖത്തു വരുത്താതെ അയാൾ മന്ത്രവാദിയായിരിക്കുമോ എന്ന് സംശയിച്ചു . ടിബറ്റിലും കിഴക്കേ ഇന്ത്യയിലും അത്തരക്കാരെ കണ്ടുമുട്ടിയിരുന്നു.

ധർമ്മശാലയിലാണോയെന്ന് ഓർക്കാൻ കഴിയുന്നില്ല, അത്തരമൊരാൾ എന്റെ കൈപിടിച്ച് കൈരേഖകളിൽ വിരലോടിച്ച് എനിക്കു മനസ്സിലാകാത്ത , മറഞ്ഞുകിടക്കുന്ന ഭാവിയെപ്പറ്റി പലതും പറഞ്ഞിരുന്നു.

അവസാനം നിഗൂഢമായ ശാന്തിയുടെ തണുപ്പു നിറഞ്ഞ അയാളുടെ കരതലം എന്റെ കൈകളിൽ അമർത്തി, സഞ്ചിയിൽ നിന്ന് ഒരു മാല എടുത്തു തന്ന് അയാൾ കണ്ണുകളിലേക്കു നോക്കി പറഞ്ഞു.

"നിങ്ങളുടെ കൈകൾ മൃദുലമാണ്, ഒരു നിശാഗന്ധിയുടെ ദലങ്ങളെക്കാളും !"

നിശാഗന്ധിയുടെ മൃദുലത എനിക്ക് അജ്ഞാതമായിരുന്നെങ്കിലും അയാളുടെ കണ്ണിലെ തിളക്കം ഞാൻ കണ്ടു. ആ നിമിഷം അയാളെ കെട്ടിപ്പിടിച്ച് ചുംബിച്ചാലോ എന്നു പോലും വിചാരിച്ചു പോയി.

ആ ജപമാലയിൽ കൊരുത്ത മുത്തുകൾ ഏതു സസ്യത്തിന്റെയാണെന്നറിയാനുള്ള വ്യഗ്രതയിൽ നിശാഗന്ധിയെപ്പറ്റിയും അന്വേഷിച്ചു.

നിശാഗന്ധിയും രുദ്രാക്ഷവും പിന്നീട് മൈസൂരിലെ ഒരു ബൊട്ടാണിക്കൽ ഗാർഡനിൽ കണ്ടപ്പോളും, മഥുരയിലൊരിടത്ത് കല്ലിൽകൊത്തിയ മയിൽപ്പീലി ചൂടിയ കൃഷ്ണവിഗ്രഹം കണ്ടപ്പോളും തലമുണ്ഡനം ചെയ്ത ആ ബുദ്ധഭിക്ഷുവിനെപ്പറ്റി ഞാൻ വാത്സല്യത്തോടെ ഓർത്തു.

പിന്നീട് ഈ സംഭവത്തെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ ഹാവെൽ ചിരിക്കുകയാണുണ്ടായത്. എന്നിട്ട് തമാശയെന്നവണ്ണം പറഞ്ഞത് ചില സന്യാസിമാർക്ക് അതീന്ദ്രിയ ശക്തിയുണ്ടെന്നും ചിന്തിക്കുമ്പോൾ അടുത്തെത്താൻ കഴിവുള്ളവരാണ് അവരെന്നുമാണ്.

ആ മുഖമാണോ മുന്നിലെന്ന് ചിന്തിക്കുമ്പോളേക്കും അയാൾ പറഞ്ഞ ചില വാചകങ്ങൾ എന്റെ ശ്രദ്ധയെക്കടന്ന് പൊയ്ക്കഴിഞ്ഞിരുന്നു.

ആ നിഷ്കളങ്ക മുഖത്തിനു പകരം വയ്ക്കാൻ ഒരു പക്ഷേ ഹാവെലിന്റെ മുഖത്തിനു മാത്രമേ കഴിയൂ.

കഴുത്തിലെ രുദ്രാക്ഷമാലയിൽ വിരലോടിച്ചു കൊണ്ട് അയാളുടെ വാക്കുകൾ കേട്ടു.

“ അതുകൊണ്ട് നിങ്ങൾ ഒന്നുകിൽ വൈകുന്നേരം ആ വഴിയിലൂടെയുള്ള നടത്തം ഒഴിവാക്കുക, അല്ലെങ്കിൽ അവിടെ കാണുന്ന കാഴ്ചകൾ കണ്ടില്ലെന്ന് നടിക്കുക. ”

പെട്ടെന്ന് അയാൾ വലതുകൈ കോട്ടിന്റെ പോക്കറ്റിലേക്കിട്ടു. പുറത്തേക്കെടുത്തത് നോട്ടുകെട്ടുകളായിരുന്നു.

അത് എന്റെ മുന്നിലേക്കിട്ട് അയാൾ പറഞ്ഞു . “ ഇത് നിങ്ങൾക്കെടുക്കാം. പക്ഷേ കുറച്ചു നാൾ പ്രകൃതിഭംഗി ഒഴിവാക്കി നിങ്ങൾ നിശ്ശബ്ദയാകണമെന്നുമാത്രം .”

പണമെന്ന പ്രലോഭനത്തെക്കാളുപരി ചൈനയിലേയും ഇന്ത്യയിലേയും അജ്ഞാതമായ പ്രദേശങ്ങളുടെ മനസ്സിലെ വർണ്ണാഭമായ ചിത്രണമാണ് അവ നിരസിക്കാതിരിക്കാൻ എന്നെ പ്രേരിപ്പിച്ചത്.

മനസ്സിലുദിച്ച ചോദ്യങ്ങൾ മൂകമാക്കിക്കൊണ്ട് ഉടൻ തന്നെ പണം എടുത്തു ബാഗിൽ വച്ചു. ആദ്യമായി അയാളോടു തോന്നിയ സഹതാപം കൊണ്ട് പുഞ്ചിരിച്ചു.

അയാൾ ഗൗരവത്തിൽ എഴുന്നേറ്റ് ചിതറിക്കിടന്ന കസേരകൾക്കിടയിലെ വഴികളിലൂടെ ഡോർ കടന്ന് മറഞ്ഞു.

ഷെങ് ലീയ്ക്കെതിരെ വന്ന ഇത്തരമൊരു ഭീഷണി വകവയ്ക്കാതിരുന്നത് മൂലം നേരിട്ട അപകടങ്ങൾ എന്റെ മനസ്സിലൂടെ കടന്നുപോയി. ചൈനയിലെ ആദ്യ സന്ദർ ശനമായിരുന്നു. രണ്ടായിത്തിരണ്ടിലായിരുന്നെന്നു തോന്നുന്നു, 'ഷാങ്ഹാ' യിൽ വച്ചാണ് ഷെങ് ലീയെ പരിചയപ്പെടുന്നത്. വളരെ സമർത്ഥനായ ഗൈഡായിരുന്നു ലീ. ചൈനയിലെ ബുദ്ധസംസ്കാരം, രാജചരിത്രം തുടങ്ങിയവയെപ്പറ്റി മനസ്സിലാക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഭാഗ്യവശാൽ ഇവയെപ്പറ്റി താൽപര്യവും അറിവുമുള്ള ഒരാളെയാണ് ഗൈഡായി ലഭിച്ചത്. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലെത്തിച്ചേർന്ന ശേഷം അയാൾ വിവരണങ്ങൾ തരുമ്പോൾ പരിപൂർണ്ണത അനുഭവപ്പെട്ടിരുന്നു. പലപ്പോഴും അയാളുടെ 'മൻഡാരിൻ ' കലർന്ന ഇംഗ്ലീഷ് വാക്കുകളിൽ സാഹിത്യം മനപ്പൂർവ്വമല്ലാതെ കടന്നുവന്നിരുന്നു. അയാളുടെ
അനുനാസികമായ ശബ്ദത്തിൽ മിങ് വംശവും മറ്റു രാജവംശങ്ങളും കൺഫ്യൂഷനിസവും മാവോയും സെൻബുദ്ധിസവും ടിബറ്റും ടിയാൻമെൻ സ്ക്വയറുമൊക്കെ എന്റെ മനസ്സിൽ ദൃശ്യങ്ങൾ തീർത്ത് കടന്നു പോയി.

'മൻഡാരിൻ ' അക്ഷരങ്ങൾ പോലെ കുരുക്കു പിടിച്ച, സങ്കീർണ്ണമായ ജീവിതത്തെക്കുറിച്ചുള്ള അയാളുടെ നിരീക്ഷണങ്ങൾ കവിതയിൽ മുങ്ങി കടന്നുവരുമ്പോൾ അത് പുതിയൊരനുഭവമായിരുന്നു. ഇടയ്ക്ക് ബെയ്ജിംഗ് നഗരപ്രാന്തത്തിലുള്ള ഒരു പഴകി തേപ്പുകളടർന്നു മുഷിഞ്ഞ കൽക്കെട്ടിലിരുന്ന് ചൈനയിലെ എന്റെ ആറാമത്തെ സന്ധ്യ ആസ്വദിച്ചു സമയം കളയവേ, ഞാൻ അവനോടു ചോദിച്ചു .

" നിങ്ങൾ ഒരു കവിയാണോ? "

അയാൾ അന്ന് അദ്ഭുതത്തോടെ മംഗോളിയൻ കണ്ണുകൾ കൊണ്ട് എന്നെ ച്ചുഴ്ന്നു നോക്കി.

" ഞാൻ മറക്കാനാഗ്രഹിക്കുന്നതും എന്നാൽ എന്നിൽ നിന്ന് വിട്ടുപോകാത്തതുമായ അസ്തിത്വമാണത്." അയാളുടെ വാക്കുകളിൽ വേദനയുടെ ഇടർച്ച വന്നു ചേക്കേറി.

" ഞങ്ങൾ ഫ്രഞ്ചുകാർക്ക് കവികളെ ഒറ്റനോട്ടത്തിൽ തിരിച്ചറിയാനുള്ള സാംസ്കാരിക സാഹിത്യ ജീൻ ആത്മാവിൽ കുടിയേറിയിട്ടുണ്ട്." ഞാൻ പറഞ്ഞതുകേട്ട് അയാൾ ചിരിച്ചുകൊണ്ട് തോൾബാഗിലെ നോട്ടുപുസ്തകമെടുത്ത് ഏടുകൾ മറിച്ചു. അവയിൽ ചൈനീസിലും ഇംഗ്ലിഷിലും തിരക്കിട്ടു കുറിച്ചപോലുള്ള

ചിന്നിച്ചിതറിയ വാക്കുകളിൽ ഒരു സുഗന്ധമൂറുന്ന ഒരു കാവ്യഹൃദയം വീണുകിടക്കുന്നത് ഞാൻ കണ്ടു.

വിതറിക്കിടന്ന മൻഡാരിനിലുള്ള കവിതകൾ ഏതോ ഗുഹാചിത്രങ്ങളുടെ സങ്കീർണ്ണമായ ഓർമ്മയാണ് എന്നിലുണർത്തിയത്. ആശയം ഭാഷയിലെ അജ്ഞത മൂലം ഇഴപിരിച്ചെടുക്കാനായില്ല. ആംഗലേയ കവിതകൾ ഒറ്റനോട്ടത്തിൽ സാമൂഹ്യവും രാഷ്ട്രീയവുമായ കാര്യങ്ങളാണ് സംവേദനം ചെയ്യുന്നതെന്നു തോന്നി.

" ചീനാഭാഷയിലുള്ള കവിതകളിൽ കൂടുതൽ പ്രണയവും പ്രകൃതിവർണ്ണനകളും ഞങ്ങളുടെ സംസ്കാരവും മിത്തുകളുമൊക്കെയാണ്, ഇംഗ്ലീഷ് മനസ്സിലായിക്കാണുമല്ലോ? "

ലിംഗ്ടോംഗ് പ്രവിശ്യയിലുള്ള ഭൂഗർഭ ടെറാക്കോട്ട സൈന്യശിൽപങ്ങൾക്കിടയിലൂടെ കടന്നു പോകുമ്പോൾ ഭൂതകാലത്തെ കലാപങ്ങളെയും യുദ്ധങ്ങളെയും കുറിച്ചും സമാധാനദൂതുമായി ബുദ്ധിസവും പിന്നെ കമ്മ്യൂണിസവും എത്തിയതിനെപ്പറ്റിയും വാചാലനായി. കാലഘട്ടങ്ങൾ എഴുതുന്ന, മായ്ക്കുന്ന സംഭവങ്ങൾ, സാഹചര്യങ്ങൾ, ചിത്രങ്ങൾ. യാങ്ട്സി അതിന്റെ ഒഴുക്കിനെ ആദ്യം നിർണ്ണയിക്കുന്നുവെന്നു തോന്നുന്നുവെങ്കിലും മറ്റു പലതുമാണ് അതിന്റെ സഞ്ചാരഗതി രൂപപ്പെടുത്തുന്നത് എന്നതു പോലെ.

പലപ്പോളും ആയാൾ സംസാരിക്കുമ്പോളൊക്കെ ഒരു നൂതന ചിന്താധാര എന്റെ ബോധമണ്ഡലത്തെ സ്പർശിച്ച് കടന്നുപോകുന്നതായി അനുഭവപ്പെടുന്നെങ്കിലും പരിഭ്രമം കൊണ്ടെന്നവണ്ണം ചകിതനായി അയാൾ ചുറ്റും നോക്കുന്നത് ഇടക്കൊക്കെ എനിക്ക് തമാശയായി തോന്നി. എഴുത്തുകാരുടെ കണ്ണുകളിൽ നിഴലിക്കുന്ന ചിന്താഭാരം അല്പം വിഷാദത്തിന്റെ കലർപ്പോടെ അയാളുടെ മഞ്ഞച്ച മുഖത്തേക്കു വ്യാപിക്കുന്നതായി കാണപ്പെട്ടു. വിചിത്രവും നിഗൂഢവും നഷ്ടബോധമുളവാക്കുന്നതുമായ ഭീകരമായ അനുഭവങ്ങൾ അയാളുടെ ഭൂതകാലത്തെ വലിഞ്ഞുമുറുക്കിയതായി എനിക്ക് നിശ്ചയമായും തോന്നിയെങ്കിലും അതേക്കുറിച്ച് ഒന്നും ചോദിച്ചില്ല .

ആ നോട്ടുപുസ്തകത്തിൽ ഒരു പെൺകുട്ടിയുടെ ഫോട്ടോ കണ്ട് അയാളുടെ നേർക്ക് നോട്ടമയച്ചു. "നിങ്ങളുടെ കാമുകിയാണോ? "

അയാൾ മറുചോദ്യം കൊണ്ട് അത് ഫലപ്രദമായി തടഞ്ഞു .

" നിങ്ങൾക്ക് ഒരു കാമുകനുണ്ടെന്നു വിചാരിക്കുക , അതേ സമയം നിങ്ങൾ ഒരു അമ്മയും ഒരു ഭാര്യയും ഒരു മകളും കൂടിയാണെന്നു കരുതുക, എങ്കിൽ ഏതു ബന്ധമായിരിക്കും കൂടുതൽ ശക്തം ? ഏതു ബന്ധത്തോടൊപ്പമായിരിക്കും നിങ്ങളുടെ ഹൃദയം? ഏതു ബന്ധത്തോടൊപ്പമായിരിക്കും നിങ്ങളുടെ മസ്തിഷ്കം ?"

അപ്പോളാണ് ഞാൻ ആ രിതിയിൽ ചിന്തിച്ചത്.

" ഞാൻ ഈ പറഞ്ഞ എല്ലാ അവസ്ഥകളിലൂടെയും കടന്നുപോയിട്ടില്ല. , അതുകൊണ്ട് ഈ സമസ്യക്ക് വ്യക്തമായ ഒരു ഉത്തരം നല്കാൻ ബുദ്ധിമുട്ടാണ്. എങ്കിലും ഇത് ആണിലും പെണ്ണിലും വ്യത്യസ്തമായിരിക്കുമെന്നു തോന്നുന്നു. "

" അത് ഓരോ സാമുഹിക ക്രമത്തിലും വ്യതിരിക്തമായിരിക്കും, അതായത് ഇവിടെ ചൈനയിൽ ഒരു രീതി, നിങ്ങളുടെ ഫ്രാൻസിൽ മറ്റൊന്ന്, ഇന്ത്യയിൽ വേറൊന്ന്. "

അയാൾ ഒന്നു നിർത്തിയശേഷം പറഞ്ഞു . " എന്റെ അഭിപ്രായത്തിൽ ഹൃദയത്തിന്റെ ഭാഷയിൽ എന്നു പറയുന്നതിനേക്കാൾ ഹോർമ്മോൺ സ്വാധീനം മൂലം കാമുകീ-കാമുക പ്രണയമാണെന്നു പറയാമെങ്കിലും അതിലും ശക്തം മാമൂലുകളോടും സാമൂഹികകീഴ് വഴക്കങ്ങളോടുമുള്ള പ്രതിപത്തിയാണ് , അതിനേക്കാൾ തീവ്രം വിശപ്പിന്റെ കെട്ടുപാടും, മരണഭയവുമാണെന്നു തോന്നുന്നു. "

" എന്നാൽ ഇതിനെയൊക്കെ അതിലംഘിക്കുന്ന പ്രണയങ്ങളുമുണ്ടല്ലോ അപൂർവ്വമായി. അത്തരത്തിലൊന്നാണ് നിങ്ങളുടേതെന്നു വിശ്വസിക്കുന്നു. "

അയാളുടെ മുഖത്ത് പെട്ടെന്ന് സൗത്ത് ചൈനാക്കടലിലെ ജലനിറവു പോലെ വിഷാദം വന്നു കുമിഞ്ഞതുകണ്ട് വിഷയം ഞാൻ വഴിതിരിച്ചുവിട്ടു .

" വൻമതിൽ കാണണമെന്നതാണ് എന്റെ ചൈനയിലെ ഏറ്റവും വലിയ ആഗ്രഹം. നാളെ അതിനു തുടക്കമിട്ടാലോ?"

"ഒന്നിനും മരണത്തെ അതിജീവിക്കാനാവില്ലന്നു തോന്നുമെങ്കിലും പ്രത്യയശാസ്ത്രങ്ങളെപ്പോലെ വൻമതിലും മരണത്തെ വിജയപൂർവ്വം അതിജീവിച്ചില്ലേ? അതും പ്രണയത്തിന്റെ മറ്റൊരു തരത്തിലുള്ള അതിജീവനമല്ലേ?"

" അധികാരത്തിനോടുള്ളതോ, തന്റേതന്നെ മുഷ്ടിക്കുള്ളിലെന്നു കരുതുന്ന രാജ്യത്തിനോടുള്ളതോ ഒക്കെയായ............"

പിറ്റേന്നു വൻമതിലിൽ കാണാനുള്ള പാസ് സംഘടിപ്പിച്ച് പടവുകൾ കയറി മുകളിലെത്തി. കനത്ത പാറക്കെട്ടുകളിലൂടെയും കീഴ്ക്കാംതൂക്കായ കൊല്ലികളിലൂടെയും നിബിഡമായ വനത്തിലൂടെയും കടന്നുപോകുന്ന അധിനിവേശങ്ങളുടെ ചെറുത്തുനിൽപിനു വേണ്ടി നിർമ്മിച്ച മനുഷ്യനിർമ്മിതമായ മതിൽ.

" ലോകാത്ഭുതത്തിന്റെ തലയിൽ ചവിട്ടിയാണ് നാം നടക്കുന്നത് ." ഷെങ് ലീയുടെ വാക്കുകളും കാതോർത്ത് ഞാൻ വിഹഗദൃശ്യങ്ങളും രുചിച്ച് നടക്കവേ, ഏതാണ്ട് വിജനമായ ഒരിടത്തു വച്ച് പെട്ടെന്നാണ് കല്ലുകൾ കാലപ്പഴക്കം കൊണ്ട് ഇടറിക്കിടന്ന

ഭാഗത്തുവച്ച് രണ്ടുപേർ മുന്നിലേക്കു വന്ന് ഷെങ് ലീയുടെ കഴുത്തിനു കുത്തിപ്പിടിച്ച് ഉച്ചത്തിൽ ആക്രോശിച്ചു.

അതിനുശേഷം ശക്തിയോടെ മുന്നിലേക്ക് തള്ളിയിട്ട് അവർ അപ്രത്യക്ഷരായി. അവർ പോയിക്കഴിഞ്ഞിട്ടും അവർ സൃഷ്ടിച്ച ശബ്ദത്തിന്റെ പ്രകമ്പനം കാതിൽ മുഴങ്ങി.

ചൈനയിൽ എത്തിയ ശേഷം ആദ്യമായുണ്ടായ സംഭ്രമജനകമായ സാഹചര്യത്തെ ഞാൻ അഭിമുഖീകരിക്കുന്ന നിമിഷങ്ങളാണെന്നറിഞ്ഞുകൊണ്ടു തന്നെ ഞാൻ ഷെങ് ലീയുടെ വിവർണ്ണവും വിയർപ്പുപൊടിഞ്ഞതുമായ മുഖത്തേക്കുറ്റു നോക്കി ചോദിച്ചു.

" എനിക്ക് ചൈനീസ് അറിയില്ലെങ്കിലും ഒരു ഭീഷണിയുടെ ധ്വനിയും വികാരവുമുണ്ടല്ലോ ആ വാക്കുകളിൽ."

"നിങ്ങൾ പറഞ്ഞതു ശരിയാണ്. ഭാഷ അജ്ഞതയെയും രാജ്യാതിർത്തിയെയും വ്യാകരണത്തിന്റെ വൻമതിലിനേയും മറികടക്കുന്ന അപൂർവ്വം സന്ദർഭങ്ങളിൽ ഒന്നിനാണ് ഇപ്പോൾ മഹത്തായ ചൈനയുടെ വിശിഷ്ടയായ അതിഥി സാക്ഷ്യം വഹിച്ചത്."അയാൾ മുഖത്ത് ചിരി വരുത്താൻ ശ്രമിച്ചുകൊണ്ടും തന്നെ ചൂഴ്ന്നു നിൽക്കുന്ന നിഗൂഢതയേയും ഭീതിയേയും കുടഞ്ഞു കളയാൻ ശ്രമിച്ചുകൊണ്ടും സമനില വീണ്ടെടുക്കാൻ വിഫലമായി യത്നിച്ചു .

"എല്ലാം നിർത്തിക്കോളാനാണ് പറഞ്ഞത്. ഫുൾ സ്റ്റോപ്പ് . ഇല്ലെങ്കിൽ പ്രാണവായു ശ്വസിക്കേണ്ടി വരില്ലെന്നാണ് ഭീഷണി. "

" എല്ലാം എന്നു വച്ചാൽ ?"

" എല്ലാം എന്നു തന്നെ....എന്നു വച്ചാൽ നിങ്ങളോടൊത്തുള്ള യാത്രകൾ ഉൾപ്പെടെ..."

" അവർ ആരാണ്? "

അയാൾ ചോദ്യം കേട്ടതായി ഭാവിക്കാതെ ആരോടെന്നില്ലാതെ പറഞ്ഞു . " നിങ്ങൾക്കറിയാമോ , ഈ വൻമതിൽ ലോകാത്ഭുതവും സുന്ദരവുമൊക്കെത്തന്നെ, പക്ഷേ ഇതൊരു ശവക്കോട്ടയാണെന്ന് . "

" നിങ്ങൾ പറഞ്ഞുവരുന്നത് മനസ്സിലാകുന്നില്ലല്ലോ ?"

" നിങ്ങൾ കരുനിർത്തൽ എന്നു കേട്ടിട്ടുണ്ടോ? "

" ഞാൻ ആദ്യമായി കേൾക്കുകയാണ്. ചതുരംഗമാണോ? കരുക്കളുടെ കാര്യമൊക്കെയാണല്ലോ പറയുന്നത്"

“ ഒരു വിധത്തിൽ ആലോചിച്ചാൽ ചതുരംഗക്കളിയാണ് എല്ലായിടത്തും. അവനവനു ജയിക്കാനായുള്ള ചില തന്ത്രങ്ങൾ. ആധുനികലോകമെന്നോ രാജവാഴ്ചയെന്നോ കാലഭേദങ്ങളില്ലാതെ, ദേശഭേദങ്ങളില്ലാതെ ഭൂമിയിൽ പലയിടത്തും തന്നെ.... ”

“ ഞാൻ നിങ്ങളെപ്പോലെ ഒരു ബുദ്ധിജീവിയല്ല, മനുഷ്യന് മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞാൽ കൊള്ളാം. ”

“ നമ്മൾ നടന്നു തള്ളുന്ന ഈ ലോകാദ്ഭുതത്തിനുള്ളിൽ ശവശരീരങ്ങളാണ്. കുഴിച്ചു മൂടപ്പെട്ട നിസ്സഹായർ. മറ്റൊരു തരത്തിൽ പറഞ്ഞാൽ നെടുനീളത്തിൽ വ്യാളി പോലെ നീണ്ടുകിടക്കുന്ന മനുഷ്യനിർമ്മിതമായ പിരമിഡിനു മുകളിലൂടെയോ സെമിത്തേരിക്കു മുകളിലൂടെയോ ആണ് നമ്മുടെ വിനോദയാത്ര ..ചെവിയോർത്താൽഇതിനടിയിൽ നിന്ന് ഞരക്കങ്ങളും നിലവിളിയും ശാപങ്ങളും കേൾക്കാം.. ”

ഒന്നു നിർത്തിയ ശേഷം അയാൾ തുടർന്നു. “ ലിംഗ്ടോംഗ് പ്രവിശ്യയിലെ ഭൂഗർഭ ടെറാക്കോട്ട സൈന്യശിൽപങ്ങൾ നാം കണ്ടില്ലേ? അവ നൂറ്റാണ്ടുകളോളം മണ്ണിനടിയിൽ മൂടപ്പെട്ടിരിക്കുകയായിരുന്നു. അവിടെ മണ്ണു കിളച്ചുമറിച്ച ചില കർഷകർക്കാണ് അവയെക്കുറിച്ച് ആദ്യം അറിവുലഭിച്ചത്. പിന്നീട് ശാസ്ത്രീയപര്യവേഷണങ്ങളിലൂടെയാണ് നവലോകം ആ സംസ്കാരത്തെപ്പറ്റി അറിയാനിടയായത്. അവയെങ്ങനാണ് മണ്ണു മൂടിപ്പോയത്.? ”

“ കാലപ്പഴക്കത്താലാവാം...വെള്ളപ്പൊക്കം, ഭൂകമ്പം അങ്ങനെ പല കാരണങ്ങളുണ്ടാവാം. ”

“ആ പ്രത്യയശാസ്ത്രങ്ങളോടു എതിർപ്പുള്ള, പിന്നീടു ഭരണം കയ്യാളിയ അധിനിവേശ ശക്തികൾ, ആ ശേഷിപ്പുകൾ വരും തലമുറയെ സ്വാധീനിക്കുമെന്നു കരുതി അവയെ ബോധപൂർവ്വം കുഴിച്ചുമൂടിയതാണ്.”

“ അങ്ങനെയെങ്കിൽ കുഴിട്ടുമൂടുന്നതെന്തിന്? താലിബാൻ, ബാമിയൻ ബുദ്ധപ്രതിമകൾ തച്ചുതകർത്തപോലെ എന്നന്നേക്കുമായി നശിപ്പിച്ചാൽ പോരേ ? "

“ ഈ സംസ്കാരത്തോടു സ്നേഹവും വിധേയത്വവുമുള്ള സഭാംഗങ്ങൾ ഭരണകൂടത്തെ തെറ്റിദ്ധരിപ്പിച്ചിരിക്കാം . ഉദാഹരണത്തിന് സൈന്യശിൽപങ്ങൾ തകർത്താൽ രാഷ്ട്രസൈന്യവും തകരുമെന്നൊരു അന്ധവിശ്വാസത്തെക്കൂട്ടു പിടിച്ചാൽ മതിയല്ലോ!.. ”

അയാൾ തുടർന്നു, “ അതുപോലെ പുതിയ ചക്രവർത്തിമാർ വരുമ്പോൾ, പ്രത്യേകിച്ച് ആക്രമണത്തിനും അധിനിവേശത്തിനും ശേഷം പഴയ സംസ്കാരത്തെ

അപ്പാടെ മറവിയിലേക്ക തള്ളാനോ പൂർണ്ണമായും തകർക്കാനോ ബോധപൂർവം ശ്രമിക്കാറുണ്ട്. അതിവിടെ മാത്രമല്ല, ലോകത്തിൽ പലയിടത്തും, ഫ്രാൻസിലും ഇന്ത്യയിലുമൊക്കെ സംഭവിച്ചിട്ടുണ്ട്. ”

“ വൻമതിലിന്റെ കാര്യത്തിലെന്താണ സംഭവിച്ചത്?” എനിക്ക് ആകാംക്ഷ അടക്കാനായില്ല.

“ വൻമതിൽ ഒറ്റക്ക് ഒരു നാളിൽ രൂപപ്പെട്ടതല്ല, മറിച്ച് മിങ് വംശം മുതലുള്ള രാജവംശചരിത്രം കൂടിയാണത്. ഓരോ രാജവംശകാലത്തെ എതിരാളികളും അടിമകളും മതിൽ നിർമാണത്തിനിടെ മരണപ്പെട്ടവരും ഒക്കെ ഈ സപ്താദ്ഭുതത്തിൽ ജീവനോടെയോ അല്ലാതെയോ അടക്കം ചെയ്യപ്പെട്ടിട്ടുണ്ട്. അതാണ് 'കരുനിർത്തൽ' എന്ന പറഞ്ഞത്. ഇന്നത്തെ അത്യന്താധുനിക എഞ്ചിനീയറിംഗും മറ്റും ഇല്ലാത്തൊരു കാലത്ത് കീഴ്ക്കാം തൂക്കായ മലകളിലൂടെയും ചുരങ്ങളിലൂടെയും നദികളിലൂടെയും കടന്നുപോകുന്ന മതിലിന്റെ നിർമ്മാണം അദ്ഭുതമാണല്ലോ. ഇത്തരം ചിലഭാഗങ്ങളിൽ മതിൽ നിർമാണം എന്തൊക്കെച്ചെയ്താലും മുന്നോട്ടുനീങ്ങാതെ വരികയോ ഉറയ്ക്കാതെ വരികയോ ചെയ്യുന്ന സന്ദർഭത്തിൽ, ആ സ്ഥലത്ത് ജീവനോടെ ഒരാളെ കുഴിച്ചു മൂടുന്ന അന്ധവിശ്വാസമുണ്ട്. ഈ ക്രൂര നരബലിയാണ് കരുനിർത്തൽ. കരുനിർത്തലിൽ രാഷ്ട്രത്തിന്റെ കെട്ടുറപ്പിനായി ബലിയർപ്പിക്കപ്പെടുന്നത് ഒരുപക്ഷേ, ഒരു ശിശുവാകാം, ഗർഭിണിയാകാം, യുദ്ധക്കുറ്റവാളിയാകാം, രാജാവിന്റെ ശത്രുവാകാം, ഉപജാപകരാകാം. മറ്റൊരു തരത്തിൽ പറഞ്ഞാൽ കണ്ണീരിന്റെ മതിലാണിത് .സൂക്ഷ്മമായി കാതോർത്താൽ വിലാപങ്ങളുടേയും ഗദ്ഗദങ്ങളുടേയും ശബ്ദതാരാവലി ഇവക്കടിയിൽ നിന്ന് കേൾക്കാം.”

ചിന്താധീനവും ദുരൂഹവും ഒട്ടും മനോഹരമായി തോന്നാത്തതുമായ ആ സന്ധ്യയിൽ ഒരു ചായക്കുശേഷം പിറ്റേന്ന് കണ്ടുമുട്ടാം എന്ന പ്രതീക്ഷയിൽ ഞങ്ങൾ പിരിഞ്ഞു.

പിറ്റേന്ന് പറഞ്ഞിരുന്ന ഡെസ്റ്റിനേഷൻ ' ജിൻഷാംഗ് ലിങ് ' പ്രദേശത്തെ സുന്ദരമായ ഭൂപ്രകൃതിയിലൂടെ കടന്നുപോകുന്ന വൻമതിലിന്റെ പടവുകളിലൊന്നായിരുന്നു. ഞാൻ നേരത്തേ പറഞ്ഞതിലും അൽപം വൈകിയാണ് അവിടെ എത്തിയത്, ഷെങ് ലീ അവിടെ കാത്തുനിൽക്കാമെന്നാണ് പറഞ്ഞിരുന്നത്. അവിടെ എത്തുമ്പോളേക്കും അവിടുത്തെ പാർക്കിലെ വലിയൊൾക്കൂട്ടം ദൃഷ്ടിയിൽ പെട്ടു. ആളുകളെ വകഞ്ഞുമാറ്റി ഉള്ളിലേക്ക ചെന്നപ്പോൾ ഷെങ് ലീയാണ്. അയാൾകുത്തേറ്റു മരിച്ചു കിടക്കുന്നു. . ചീന്തിയെറിഞ്ഞ പൂപോലെയുള്ള അയാളുടെ ശവശരീരത്തിനു സമീപം രക്തത്തുള്ളികൾ വീണ കവിതകൾ തിങ്ങി നിറഞ്ഞ നോട്ടു ബുക്ക്. വല്ലാത്തൊരു ഷോക്കായിപ്പോയി. ഇന്നലെ സന്ധ്യക്കും ഇന്നത്തെ പുലരിക്കും ഇടയിൽ

ഒരാളെ എന്നന്നേക്കുമായി നഷ്ടപ്പെട്ടു പോവുക എന്നത് വല്ലാത്ത വിപദിധൈര്യത്തോടെ നേരിടേണ്ട ഒന്നാണെന്ന് സ്വയം ചിന്തിച്ച്, മനസ്സിനെ ബോധ്യപ്പെടുത്തിക്കൊണ്ടിരുന്നു. ഒരു ഗൈഡ് എന്തിനെക്കാളുപരി അയാൾ ഹൃദയത്തോടു ചേർത്തു നിർത്താവുന്ന വേറെന്തൊക്കെയോ ആയിരുന്നെന്ന സത്യം അപ്പോളാണ് തിരിച്ചറിഞ്ഞത്.

ചൈനീസ് പോലീസിന്റെ കഠിനമായ ചോദ്യം ചെയ്യലും തെളിവെടുപ്പുമൊക്കെക്കഴിഞ്ഞ് ഏതാണ്ട് ഒരാഴ്ച കൂടിക്കഴിഞ്ഞ് ചൈനയിലെ സന്ദർ ശനം വെട്ടിച്ചുരുക്കി ഞാൻ സ്വദേശത്തേക്ക് മടങ്ങുകയാണുണ്ടായത്. ഷെങ് ലീയുടെ ദുരൂഹമായ മരണത്തെച്ചുറ്റിപ്പറ്റിയുള്ള അന്വേഷണം അവിരാമമായി ഇപ്പോളും നീളുകയാണെന്നാണ് അവിടത്തെ ഫ്രഞ്ച്എംബസിയിലെ സുഹൃത്തിൽ നിന്ന് അറിയാൻ കഴിഞ്ഞത്.

എഡ്മണ്ട് ഹാരിസിന്റെ ഭീഷണി നിറഞ്ഞ മുന്നറിയിപ്പാണ് ചൈനയിലെ മറക്കാനാഗ്രഹിക്കുന്ന ആ സ്മൃതിച്ചിത്രങ്ങൾ വീണ്ടും മനസ്സിലെത്തിച്ചത്. അയാൾ സംഭാഷണ മദ്ധ്യേ സൂചിപ്പിച്ച വഴിയിലൂടെയാണ് സായാഹ്ന നടത്തം ചെയ്യാറുള്ളത്. ലോകപൈതൃകപ്പട്ടികയിലൊക്കെ ഇടം പിടിച്ച, പുരാതനമായ പാതയാണത്. ഒന്നുള്ളത് പതിനൊന്നാം നൂറ്റാണ്ടിലേത് എന്നു തോന്നിക്കുന്ന ഒരു ഇടിഞ്ഞുപൊളിഞ്ഞ ക്രിസ്ത്യൻ പള്ളിയുടെ ശേഷിപ്പുകളും അതിനോടു ചേർന്നുള്ള ശ്മശാനവുമാണ്. പിന്നെ സുന്ദരമായ താഴ്വാരങ്ങൾ, പാറക്കെട്ടുകൾ, തണുപ്പുള്ള സന്ധ്യകൾ, ഇളം കാറ്റ് ഇതൊക്കെ എനിക്ക് പ്രധാനപ്പെട്ടതാണ്. ഉദ്ദേശം ഒന്നര കിലോമീറ്റർ നീളുന്ന പരമ്പരാഗതമായ കൊത്തുവേലകളും ശില്പങ്ങളും അവിടവിടെയായി കാണപ്പെടുന്ന ഗ്രാമപാത. അത് കറങ്ങിത്തിരിഞ്ഞ് അവസാനം ലോഡ്ജിൽ തന്നെ എത്തിനിൽക്കുന്നു. ദിവസവും സഞ്ചാരക്കുറിപ്പുകളും സാഹിത്യവും ചിന്തകളുമൊക്കെയായി കഴിയുന്ന ഞാൻ അവിടം വഴിയുള്ള നടപ്പ് ഒഴിവാക്കാനാഗ്രഹിച്ചില്ല.

പക്ഷേ, ഹാവെലിന്റെ അഭാവം എന്റെ ഉത്സാഹമെല്ലാം ചോർത്തിക്കള ഞ്ഞു.

രണ്ടു ദിവസം അങ്ങനെ പോയി. വൈകിട്ട് വിജനമായ വഴിയിലൂടെ നടന്നുപോകുമ്പോൾ എഡ് മണ്ട് ഹാരിസിനെപ്പറ്റി വെറുതെ ആലോചിച്ചു പോയി. അയാളെ ഒരുപക്ഷേ ഈവഴിയിലായിരിക്കും കണ്ടുമുട്ടുക. എന്തുകൊണ്ടാണ് ഈ വഴിയിലൂടെയുള്ള നടപ്പ് അവസാനിപ്പിക്കണമെന്ന് പറഞ്ഞത് ? പക്ഷേ, ഒന്നോ രണ്ടോ തവണ കടന്നുപോയ കുതിരവണ്ടിയിലെ യാത്രികരായ വൃദ്ധരെയൊഴികെ ആരെയും കണ്ടിരുന്നില്ല, ഒരുപക്ഷേ എന്റെ ഓർമ്മത്തെറ്റാവാം.

നോർവെയിലെ രണ്ടാമത്തെ ആഴ്ചയായിരുന്നു. ഹാവെലാണ് ചൈനയിലേക്കുള്ള യാത്രക്ക് പണം സംഘടിപ്പിച്ചു തരാമെന്ന് ഏറ്റിരുന്നത്. ഇപ്പോൾ അത് വളരെ എളുപ്പം കയ്യിൽ കിട്ടിയിരിക്കുന്നു.

ഭയം അപൂർവ്വമായി മാത്രം കടന്നുവരുന്ന വികാരമായിട്ടുകൂടി എന്റെ സാമഗ്രികളിൽ നിന്ന് ഒരു കുരിശു രൂപം കണ്ടുപിടിച്ച് മാലയോടു ചേർത്തു.

ഹാരിസിനെ കണ്ടുപിരിഞ്ഞ നാലാമത്തെ ദിവസം അയാളുടെ ബുദ്ധിമോശമോർത്ത് ചിരിച്ച് യാത്രയെക്കുറിച്ച് പല കണക്കുകൂട്ടലുകളും നടത്തി, പള്ളിക്കു സമീപത്തെ വഴിയിലെത്തി. സാധാരണ ദിവസത്തെക്കാളും നേരത്തേ, മഞ്ഞു വീണുതുടങ്ങിയതിനാൽ നടപ്പ് നിർത്തി, മടങ്ങേണ്ടി വരുമോയെന്ന് സംശയിച്ചതാണ്.

പ്രാചീനമായ പള്ളി ദുരൂഹമായി എഴുന്നു നിന്നു. ചരിത്രപ്രാധാന്യമുള്ള പള്ളിയായിരുന്നിട്ടും ഞാനത് ശ്രദ്ധിക്കാതെ വെറുതെ വിട്ടതിലാണ് അദ്ഭുതം . വഴിയരികിലെ കല്ലുകളടുക്കിയ വിള്ളലുകൾ വീണ മതിൽകെട്ടിൽ പിടിച്ച് ഞാൻ അകത്തേക്കുനോക്കി.

എന്തോ വിവരിക്കാനാവാത്ത ദുർഗ്രഹത അതിനെ ചുറ്റിപ്പറ്റി നിന്നിരുന്നു. വിള്ളലുകളിൽ നിന്നു പൊന്തി വളരുന്ന കാട്ടുചെടികളും വേഗത്തിലായ മഞ്ഞുവീഴ്ചയും കാഴ്ചയെ മറക്കുന്നുണ്ടായിരുന്നെങ്കിലും ഞാൻ തത്തിപ്പിടിച്ച് അല്പനേരം നിന്നു. ആരുടേയോ ഓടിപ്പോകും മട്ടിലുള്ള ചടുലമായ കാലടിയൊച്ചകൾ കേട്ട് ഞാൻ ദൃഷ്ടികൾ പിൻവലിച്ചു.

വഴിയരികിൽ ആരുടേയും കാൽപാടുകൾ കാണാനുണ്ടായിരുന്നില്ല . ഞാൻ മൂളിപ്പാട്ടു പാടിക്കൊണ്ട് ചുവന്ന പ്രകാശം വീണ നനഞ്ഞ വഴിയിലൂടെ നടന്നു.

കുറച്ചുദൂരം ചെന്നപ്പോളാണ് വഴിയരികിൽ ഒരു ചുവന്ന കിഴി കണ്ടത്. നരച്ച അത് മഞ്ഞ് വീണതുകൊണ്ട് നനഞ്ഞിരുന്നു. ഉള്ളിൽ ലോഹക്കിലുക്കം കേട്ടു.

അത് അഴിച്ച് നോക്കുമ്പോൾ അപ്രതീക്ഷിതമായി മഞ്ഞ് പ്രകാശമായിരുന്നു. കുറെ സ്വർണ്ണനാണയങ്ങൾ . ന്യൂമിസ്മാറ്റിക്സ് പഠിതാവിന്റെ ശേഖരത്തിൽ നിന്നു നഷ്ടപ്പെട്ടതുപോലെയുണ്ടായിരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നു നൂറ്റാണ്ടുകൾക്കുമുൻ പുള്ളവയായിരുന്നു അവയെന്ന് വ്യക്തമാക്കുമാറ് അവയിൽ വിവിധ ലിപികൾ ഒട്ടും ഫിനിഷിംഗില്ലാതെയും നിർമ്മാണത്തിൽ അപാകങ്ങളോടുകൂടിയും കാണപ്പെട്ടു. അതിന്റെ യുക്തിഭദ്രതയെക്കുറിച്ചാലോചിക്കാതെ ഞാൻ ആ സഞ്ചി ഉയർത്തി. സഞ്ചിയിൽ നിന്നു വീഴുന്ന ജലത്തുള്ളികളുടെ നിരെ ചുവപ്പായിരുന്നു. അതിൽ നിന്നുയർന്ന രൂക്ഷഗന്ധം രക്തത്തിന്റെയാണെന്ന് മനസ്സിലാക്കുമ്പോളേക്കും ഞാനത് പെരുവഴിയിലുപേക്ഷിച്ച് ഓടി.

അജ്ഞാതമായ ഏതെല്ലാമോ വഴികളിലൂടെ ലോഡ്ജിലെത്തി, വാതിലിൽ മുട്ടി. പുഞ്ചിരിക്കുന്ന മുഖമുള്ള എലീന വന്നു തുറന്നപ്പോൾ മാത്രമാണ് ഞാൻ ശരിയായി ശ്വാസം കഴിച്ചത്.

അവളോടു പറയാൻ പലതും ആലോചിക്കേണ്ടി വന്നതുകൊണ്ട് ശബ്ദം വിക്കിവിക്കിയാണ് പുറത്തേക്കു ചിന്നിച്ചിതറിയത്.

ഭാഗ്യത്തിന് ചോദ്യങ്ങളുണ്ടായില്ല . ഹാവെലിനെക്കാണുമ്പോൾ ആ അനുഭവത്തെക്കുറിച്ച് പറയണമെന്നും മറ്റും വിചാരിച്ചതാണ്. അതിനു മറുപടി ഒരുപക്ഷേ, പരിഹാസമാണെങ്കിൽ പോലും അത് രസകരമാവും.

അടുത്ത രണ്ടു ദിവസവും അവനെ കാണാഞ്ഞ് അവൻ ജോലിചെയ്തിരുന്ന ഓഫീസിലെ ക്ലാർക്കിനോട് വിവരം തിരക്കി.

"മിസ് സെയ്ന ക്രെയ്ഗറാണോ?"

" അതെ."

" നിങ്ങൾക്കു തരാൻ സാർ ഒരു കുറിപ്പ് തന്നിട്ടുണ്ട്." ആകാംക്ഷയോടെ നോക്കി. കൈപ്പട അവന്റേതു തന്നെ. മനോഹരമായ വലത്തേക്കു ചെരിഞ്ഞചെറിയ വരികൾ.

"ഇന്നു വൈകിട്ട് അഞ്ചിന് പള്ളിക്കു മുന്നിൽ." അത്രമാത്രം.

ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ പിന്നെയും എന്നെ വലയം ചെയ്തു. റൂമിലേക്കു തിരിച്ചുവന്ന ഞാൻ പലവിധ ചിന്തകളോടെ പകൽ കഴിച്ചുകൂട്ടി.

വൈകിട്ട് 4.30 ന് റൂമിൽ നിന്നിറങ്ങി നീണ്ട തണലുകളിൽ ചവിട്ടി ഞാൻ നടന്നു.

സാധാരണ കാണാറുള്ള കുതിരവണ്ടികൾ പോലും കടന്നുപോകാഞ്ഞത് എന്നെ അതിശയിപ്പിച്ചു.

ദേവാലയത്തിനു മുന്നിലെ വേരുകൾ പൊന്തിയ മരച്ചുവട്ടിൽ സൂചിപ്പിച്ച സമയം കഴിഞ്ഞും ഞാൻ കാത്തിരുന്നു.

തിരികെ പോകാമെന്നു കരുതി, എഴുന്നേൽക്കാൻ തുടങ്ങുമ്പോൾ ആരുടേയോ സംസാരം കേട്ട് ഞാൻ പിന്നിലേക്കു നടന്നു. കാടുപിടിച്ച അവിടെ ആരും നടന്ന ലക്ഷണമില്ല. കാട്ടുചെടികൾ തട്ടി എനിക്ക് അസഹ്യമായി ചൊറിയുന്നുണ്ടായിരുന്നു.

പതിനൊന്നാം നൂറ്റാണ്ടിലെ ശ്മശാനത്തിലേക്കാണ് ഞാൻ നടന്നു കയറിയത്. ദ്രവിച്ച മരക്കുരിശുകളുടെ അവശിഷ്ടങ്ങളും എല്ലിൻ കഷണങ്ങളും ഞാൻ

കണ്ടു. വിജനമായ സ്ഥലം. മുട്ടുകൾ വിറക്കുന്നുണ്ടായിരുന്നു. പൊത്തിപ്പിടിച്ച്, വിള്ളലുകളുള്ള മതിലിൽ എത്തിവലിഞ്ഞ് അപ്പുറത്തേക്കു നോക്കി.

വിചിത്രമായി ക്രമമല്ലാതെ ചിതറിക്കിടന്ന കുഴിമാടങ്ങൾക്കിടയിൽ കറുത്തുള്ള മൂന്ന് ശവക്കുഴികൾ എനിക്കു കാണാൻ കഴിഞ്ഞു. അവിടെ എഴുന്നു നിൽക്കുന്ന മൂന്ന് കൽക്കുരിശുകളിൽ കൊത്തിവച്ച പേരുകൾ ഞാൻ ബുദ്ധിമുട്ടി വായിച്ചു.

എഡ് മണ്ട് ഹാരിസ്.

ഗ്രിഗർ ഹാവെൽ.

സെയ്ന്നാ ക്രെയ്ഗർ.

ഞാൻ മരിക്കുന്നതു പോലെ തോന്നി.

.........................................................................

ശ്രീകുമാർ ചേർത്തല

കാളിക്കാട്ട്,

കെ.ആർ. പുരം തപാൽ

ചേർത്തല, ആലപ്പുഴ- 688556

മൊബൈൽ- 9037283915